65 (974) ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമ ബോർഡിന്റെ പ്രവർത്തനം

ശ്രീ. പിരപ്പൻകോട് മുരളി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമ ബോർഡിനും പെൻഷൻ ലഭിക്കുന്ന എത്ര തൊഴിലാളികൾ ഉണ്ട്.

(ബി) തൊഴിലാളികൾ വിതരണ കേന്ദ്രങ്ങളിൽവന്ന് പെൻഷൻ സ്വീകരിക്കണമെന്ന വ്യവസ്ഥ തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു വെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ക്ഷേമബോർഡുമായി ബന്ധപ്പെട്ട് ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന എത്ര ട്രേഡ് യൂണിയനുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായാണോ ട്രേഡ് യൂണിയനുകളെ അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമ ബോർഡിൽ അംഗമായ തൊഴിലാളി മരണപ്പെട്ടാൽ നൽകുന്ന ധനസഹായ തുക വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിഗണിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എത്രയും വേഗം തീരുമാനമെടുക്കുമോ?

ഉത്തരം

(എ) 18,207 പേർ.

(ബി) ഇല്ല.

(സി)

	ജില്ല	തൊഴിലാളികൾ
1.	തിരുവനന്തപുരം	27
2.	കൊല്ലം	26
3.	പത്തനംതിട്ട	32
4.	ആലപ്പുഴ	21
5.	കോട്ടയം	33
6.	ഇടുക്കി	18
7.	എറണാകുളം	27
8.	തൃശൂർ	32
9.	പാലക്കാട്	17
10.	മലപ്പുറം	20
11.	കോഴിക്കോട്	23
12.	വയനാട്	9
13.	കണ്ണൂർ	34
14.	കാസർഗോഡ്	12

(ഡി) അതെ.

(ഇ) ഉണ്ട്.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly